കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പാണാവള്ളി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.9-21/2017

കേരള സംസ്ഥാന ഓഡിറ്റ് വകു

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജ

തീയതി.12/1/2(

**ഫോൺ** – 0477-22527

**ഇമെയിൽ** -ddhglfalpy@gm

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണാവള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണാവള്ളി ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമ പഞ്ചായത്തിെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേര ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-3 ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ 3-7, 3-15 ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്ര ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസം ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർ ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജ ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാന ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേര പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോ

ഡെപ്യൂട്ടി ഡയറ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.9-21/17 തീയതി, 12/1/2017

# ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റി വിധേയമാക്കുകയുണ്ടായി. 01.07.2015 മുതൽ 24.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയു ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്ത് അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്.
ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊ ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 24.12.2016 മുതൽ<br>05.01.2017 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ.ടി.എം.റോയ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1.പ്രസിഡന്റ്**

| | | |
|---|---|---|
| 1. | കുമാരി.എം.രജനി | 01.04.2015 മുതൽ 03.10.2015 വരെ |
| 2. | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 04.10.2015 മുതൽ 31.10.2015 വരെ |
| 3. | ശ്രീ.രാജേഷ് വിവേകാനന്ദ | 01.11.2015 മുതൽ 31.03.2016 വരെ |

**2.സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീമതി.എ.കാർത്ത്യായനി | 01.04.2015 മുതൽ 21.07.2015 വരെ |
| 2 | ശ്രീ.ജയറാം നായ്ക്കൻ, അസി.സെക്രട്ടറി ( ഇൻ ചാർജ്ജ്) | 22.07.2015 മുതൽ 26.07.2015 വരെ |
| 3 | ശ്രീ.പി.വി.മണിയപ്പൻ | 27.07.2015 മുതൽ 31.03.2016 വരെ |

**3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.സെയ്തലവി കോയ തങ്ങൾ | 01.04.2015 മുതൽ 03.10.2015 വരെ |
| | | ശ്രീമതി.സിന്ധു ബീവി | 01.11.2015 മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീമതി.പി.വസന്തകുമാരി | 01.04.2015 മുതൽ 03.10.2015 വരെ |
| | | ശ്രീ.പ്രേംലാൽ | 01.11.2015 മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സാൽബി സൈജു | 01.04.2015 മുതൽ 03.10.2015 വരെ |
| | | ശ്രീ.പി.കെ.സുശീലൻ | 01.11.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം | ശ്രീ.എസ്.രാജേഷ് | 01.04.2015 മുതൽ 03.10.2015 വരെ |
| | വിദ്യാഭ്യാസകാര്യം | ശ്രീമതി.ഷീബ സത്യൻ | 01.11.2015 മുതൽ 31.03.2016 വരെ |

**4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സെറിൻ ഫിലിപ്പ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.മോഹൻ.പി.നെൽസൺ | 01.04.2015മുതൽ 12.06.2015വരെ |
| | ഡോ.അരുൺ മിത്ര | 13.06.15 മുതൽ 11.11.15 വരെ NRHM ഡോക്ടർക്ക് ചുമതല 12.11.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മോളി.കെ<br>ഡോ.രാജേശ്വരി | 01.04.2015മുതൽ 22.01.2016 വരെ<br>22.01.2016 മുതൽ31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ജയരാജ് | 01.04.2015 മുതൽ 02.11.2015 വരെ |
| | ഡോ.ദിവ്യ സി.ബി | 02.11.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.മനു ജയൻ | 01.04.2015 മുതൽ 31.03.2016 വരെ |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മോളി.ഇ | 01.04.2015 മുതൽ 31.03.2016 വരെ |
| പ്രധാനാദ്ധ്യാപിക, എൽ.പി.എസ്. | ശ്രീമതി.രതികല | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നിഷ.എം.ബി<br>ശ്രീ.സുഭാഷ് കുമാർ | 01.04.2015 മുതൽ 13.08.2015 വരെ<br>14.08.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, പാണാവള്ളി സർക്കിൾ | ശ്രീ.ഡേവിഡ് ജോസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, തൃച്ചാറ്റുകുളം സർക്കിൾ | ശ്രീമതി.സജിത | 01.04.2015 മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രശ്മി മാനുവൽ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.അനുരാജ് | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജയറാം നായ്ക്കൻ | 01.04.2015 മുതൽ 31.03.2016 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to1-11 |
| | ഭാഗം2 | |
| 2 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 2-1 |
| 3 | ഡി&ഒ. ലൈസൻസ് എടുക്കാതെയും വളരെ കുറഞ്ഞ ഫീസു മാത്രം നൽകിയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 |
| 4 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല | 2-3 |
| | ഭാഗം 3 | |
| 5 | ഡയസ്നോൺ ദിവസത്തെ ശമ്പളം സർക്കാർ ഉത്തരവില്ലാതെ തിരികെ നൽകി | 3-1 |
| 6 | ആർജാതാവധി സറണ്ടർ -അധിക തുക അനുവദിച്ചു. | 3-2 |
| 7 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി ---സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-3 |
| 8 | സാനിട്ടറി ക്ലസ്സ് --- വികസന ഫണ്ട് അധികം ചെലവഴിച്ചു | 3-4 |
| 9 | പൈനൂർ - കുട്ടംചേരി റോഡ് മെറ്റലിംഗ് - ഗ്രാവൽ ഫില്ലിംഗിന് അധിക നിരക്ക് നൽകി. | 3-5 |
| 10 | മീഡിയാശ്രീ പദ്ധതി പൂർത്തികരിച്ചിട്ടില്ല. | 3-6 |
| 11 | പൊതുടാപ്പുകളുടെ വെള്ളക്കരം -അധിക തുക നൽകി | 3-7 |
| 12 | സ്റ്റുഡന്റ് പോലീസ് കേഡറ്റിന് വിഹിതം നൽകൽ --- ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 3-8 |
| 13 | P.H.C ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല. | 3-9 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി. | 3-10 |
| 15 | ചെലവുരേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 16 | വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ റാമ്പ് നിർമ്മാണം -- അളവ് പുസ്തകം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 17 | പാലിയേറ്റീവ് കെയർ പദ്ധതി -അപാകങ്ങൾ | 3-13 |
| 18 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് -ഉയർന്ന നിരക്ക് നൽകുന്നതിലൂടെ അധികച്ചെലവ് | 3-14 |
| 19 | തെരുവ് വിളക്ക് വാങ്ങലും റിപ്പയറിംഗും --- നിർവ്വഹണത്തിലെ അപാകതകൾ | 3-15 |
| 20 | വില്ലേജ് - വീരമംഗലം റോഡ് ടാറിംഗ് - പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരൻ കാലാവധി ദീർഘീകരണത്തിന് അപേക്ഷ നൽകിയില്ല. | 3-16 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുന്യൂനതകൾ | 3-17 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി- പ്രോജക്ട് പൂർത്തിയാക്കിയില്ല | 3-18 |
| | ഭാഗം 4 | |
| 23 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to4-10 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.2015തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാര അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 114620087 | 129010100 |
| വാർഷിക കണക്കു പ്രകാരം | 38452958 | 59099728 |

പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വളരെ അന്തരമുണ്ട ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 26.07.2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38881798 |
| വരവ് | 38452958 |
| ആകെ | 77334756 |
| ചെലവ് | 59099728 |
| നീക്കിയിരിപ്പ് | 18235028 |

### 1-5 ഫണ്ട് വിനിയോഗം

| 1.ഫണ്ടിനം | 2.മുന്നിരിപ്പ് | 3.T.C ചെയ്തു ലഭിച്ച തുക | 4.തൻവർഷ അലോട്ട്മെന്റ് | 5.അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | 6.ആകെ (2+3+5) | 7.ചെലവ് | 8.TC ചെയ്തു നൽകിയ തുക | 9.നീക്കിയ രിപ്പ് |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4473172 | 10178531 | 12263535 | 1607748 | 16259451 | 16259451 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 3438311 | 0 | 6159000 | 6807793 | 10246104 | 82,19,958 | 20,26,146 | 0 |
| | | | 247000 | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 80120 | 0 | | 140000 | 220120 | 200800 | 19320 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1230505 | 0 | 2176000 | 2057878 | 3288383 | 3288383 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2149211 | 0 | 4316000 | 2172782 | 4321993 | 4321993 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2658488 | 0 | 5048261 | 9002470 | 11660958 | 7706749 | 3954209 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4908182 | 0 | | 423632 | 5331814 | 1152958 | 4178856 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 0 | 0 | 23550837 | | 23550837 | 23549879 | | 958 |
| ബി ഫണ്ട് | 0 | 0 | 22937808 | | 22937808 | 22937808 | | 0 |

**1-6 <u>പദ്ധതി അവലോകനം.</u>**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 70686556 | 107 | 46902643 | 16 | 24 | 73% |

**1-7 <u>തനത് വരുമാനം.</u>**

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാ ശതമാനം 22.83% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4089978 | 3223433 | -866545 | -21.1.9% |
| നികുതിയേതര വരവുകൾ | 745540 | 613744 | -131796 | -18% |
| മറ്റ് വരവുകൾ | 213309 | 58917 | -154392 | -71.38% |
| **ആകെ** | 5048827 | 3896094 | 1152733 | -22.83% |

**1-8 <u>ക്ഷേമ പദ്ധതികൾ</u>**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1021800 | 750 |
| കർഷകതൊഴിലാളി പെൻഷൻ | 2760750 | 325 |
| വിധവാപെൻഷൻ | 7791120 | 861 |
| വാർദ്ധക്യകാലപെൻഷൻ | 7012380 | 1904 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3844150 | 350 |
| അവിവാഹിതപെൻഷൻ | 500400 | 51 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.12.2016 സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27916 രൂ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം.**

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭര വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാ പ്രവർത്തിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള നീക്കിയിരിപ്പ് എഴുതിയിട്ടില്ല. ഡി.ആന്റ്.ഒ ലൈസൻ ഫീ ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ വിവരം ചേർത്തിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലി സൂക്ഷിച്ചിട്ടില്ല.ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്.ആഭ്യന്തര നിയന്ത്ര സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2016 | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.06.2016 | 01.04.2011മുതൽ 31.03.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**1-ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച.**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് ഒ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്താൻ പഞ്ചായത്തിന് അധികാരമുണ്ട്. എന്നാ താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഫുഡ്കോ ഡെലികസീസ് ഇന്ത്യാ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയില്ല. |
| 2 | ക്വാളിറ്റി ഫുഡ് പ്രോഡക്റ്റ്സ് പാണാവള്ളി | ഒന്നുംരണ്ടും അർദ്ധവർഷങ്ങളിലെ നികുതി ഈടാക്കിയിട്ടില്ല. |
| 3 | ഐസിഡിഎസ് പ്രോജക്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല. |
| 4 | ഗവ. സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സോസൈറ്റി | ഒന്നാം അർദ്ധവർഷത്ത നികുതി ഈടാക്കിയിട്ടില്ല. |
| 5 | ശ്രീനാരായണ ട്രയ്നിംഗ് കോളേജ് ശ്രീകണ്ഠേശ്വരം | ഒന്നുംരണ്ടും അർദ്ധവർഷങ്ങളിലെ നികുതി ഈടാക്കിയിട്ടില്ല. |

നിരവധി ജീവനക്കാർ ജോലി ചെയ്യുന്ന മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും യഥാസമയം നികുതി ഡിമാ ചെയ്ത് ഈടാക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ടി ജീവനക്കാരിൽ നിന്നും തൊഴി നികുതി കുടിശ്ശിക അടിയന്തരമായി ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>2-സ്ഥാപന നികുതി ഈടാക്കുന്നില്ല.</u>**

താഴെപറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1. മുത്തൂറ്റ് ഫിൻകൊർപ്പ് ലിമിറ്റഡ്, പുതിയപാലം
2. ജില്ലാ സഹകരണ ബാങ്ക്, പൂച്ചാക്കൽ
3. മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, പൂച്ചാക്കൽ
4. ഗവ. സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സോസൈറ്റി, പൂച്ചാക്കൽ
5. വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം 1249, തൃച്ചാറ്റുകുളം.
6. മുത്തൂറ്റ് ഫിൻകൊർപ്പ് ലിമിറ്റഡ്, പൂച്ചാക്കൽ
7. കേരള ഗ്രാമീൺ ബാങ്ക്, പൂച്ചാക്കൽ.

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>3-സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>**

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നും ഒരു അർ വർഷത്തേയ്ക്ക് 1250 രൂപയെന്ന ക്രമത്തിൽ ഒരു വർഷം 2500 രൂപ തൊഴിൽ നികുതിയിനത്തിൽ ഈടാക്കേണ്ടതാണ എന്നാൽ ഇവരിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് തൻവർഷം ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പേര്, സ്ഥാപനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| 1 | ഡോ. റെനി ജോർജ്, ഡെന്റിസ്റ്റ്, മാതാ ഡെന്റൽ ക്ലിനിക് | 1200 | 2500 | 1300 |
| 2 | ഡോ. സുരേഷ്, സി.എം.ഒ, സി.കെ.വി. ഹോസ്പിറ്റൽ പൂച്ചാക്കൽ | 1500 | 2500 | 1000 |
| 3 | ഡോ. ഷൈലജ,ആർ.എം.ഒ, സി.കെ.വി. ഹോസ്പിറ്റൽ പൂച്ചാക്കൽ | 1200 | 2500 | 1300 |
| 4 | ഡോ. ബാബു, എം.ഒ, ദീപാ ഹോസ്പിറ്റൽ | 1500 | 2500 | 1000 |
| | ആകെ | | | 4600 |

തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന 4600 രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി ഓഡിറ്റി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 2-2 ഡി&ഒ. ലൈസൻസ് എടുക്കാതെയും വളരെ കുറഞ്ഞ ഫീസു മാത്രം നൽകിയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് ഫീസ് രജിസ്റ്റർ , അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം പാണാവള ഗ്രാമപഞ്ചായത്തിലെ പല പ്രമുഖ സ്ഥാപനങ്ങളും ഡി&ഒ. ലൈസൻസ് എടുക്കാതെയും ഫീസിനത്തിൽ വളരെ കുറഞ്ഞ ത മാത്രം നൽകിയുമാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. D&O ലൈസൻസ് രജിസ്റ്ററിൽ ബിസിന സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ സ്ഥിര മേൽവിലാസമാണ് ചേർത്തിട്ടുള്ളത്. ഇത് മൂ സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും നടത്തുന്ന ബിസിനസ് , വിറ്റുവരവ് എന്നിവ സംബന്ധിച്ച അപേക്ഷയിലെ വിവരങ്ങ പരിശോധിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ ട്രേഡേഴ്സിന്റെ ലിസ്റ്റ് കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകര ചട്ടങ്ങളിലെ പട്ടിക 1 ൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും പാണാവള്ളി ഗ്രാമപഞ്ചായത്ത് ലൈസൻ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഉദാ- സ്വകാര്യ ആശുപത്രികൾ (ക്രമ നം. 142), പാരാമെഡിക്കൽ സ്ഥാപനങ്ങൾ (ക്ര നം. 143), റീട്ടെയിൽ റേഷൻ ഡിപ്പോകൾ , പെട്രോൾ പമ്പ് , കൺസ്യൂമർ സ്റ്റോർ (ക്രമ നം. 149) മുതലായവയൊന

ലൈസൻസില്ലാതെയൊ അവ പുതുക്കാതെയോ ആണ് പ്രവർത്തിക്കുന്നത് .ലൈസൻസില്ലാതെയും വരുമാനത്തിനുസൃതമാ ഫീസ് നൽകാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല

ജി.ഒ.(പി) നം. 19/2011/തസ്വഭവ 4/01/2011 പ്രകാരം, മൊബൈൽ ടവറുകളിൽ നിന്നും തറവിസ്തീർണ്ണത്തിെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്.ജി.ഒ.(ആർ.ടി.) 2640/2012 തസ്വഭ. 19.09.12 പ്രകാ ബി.എസ്.എൻ.എൽ. ടവറുകളുടെ വസ്തുനികുതിയും ഇപ്രകാരം ഈടാക്കേണ്ടതാണ്. പാണാവള്ളി പഞ്ചായത്തിന്റെ നികു വിജ്ഞാപനപ്രകാരം ചതുരശ്ര മീറ്ററിന് 500/- രൂപയാണ് മൊബൈൽ ടവറുകൾ വസ്തുനികുതിയായി നൽകേണ്ടത്. ഇ പ്രകാരം പഞ്ചായത്തിന് പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന, പെർമിറ്റ് നൽകിയിട്ടുള്ള താഴപ്പറയുന്ന മൊബൈ ടവറുകളിൽ നിന്നും വസ്തുനികുതി,അവയ്ക്ക് പെർമിറ്റ് നല്കിയ തീയതി മുതൽ നിയമാനുസൃതമായ പിഴപ്പലിശ സഹിര ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവയൊന്നും ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | പെർമിറ്റ് എടുത്ത വ്യക്തിയുടെ പേര്. | പെർമിറ്റ് നം/ തീയതി. | തറ വിസ്തീർണ്ണം |
|---|---|---|---|
| 1. | ശ്രീജിത്ത്.പി.പിള്ള, ടവർവിഷൻ, ഇൻഡ്യ ലിമിറ്റഡ്. | c.790/KBR/ 08-09/16.02.09 | 21.15 ച.മീറ്റർ. |
| 2. | M/S. വയർലസ്സ് ടാറ്റാ ടെലി ഇൻഫോ സർവ്വീസസ് ലിമിറ്റഡ്.,എസ്.എൽ.പ്ലാസ്സാ,പാലാരിവട്ടം. | C.255/KBR/07-08/ 11.04.08. | 8.64 ച.മീറ്റർ. |
| 3. | M/S.വയർലസ്സ് ടി.ടി.ടെലി ഇൻഫോ സർവ്വീസസ് ലിമിറ്റഡ്.(WTTIL) | C.255/KBR/07-08/ 24.03.08 | 15 ച.മീറ്റർ. |
| 4. | M/S ഇൻഡസ് ടവേഴ്സ്,ഇൻഡസ് അവന്യൂ, NHബൈപാസ്സ് റോഡ്. കുണ്ടന്നൂർ. | C.762/KBR/08-09/ 16.02.09 | 12.69 ച.മീറ്റർ. |
| 5. | സബ് ഡിവിഷണൽ എൻജിനീയർ, ബി.എസ്.എൻ എൽ.മൊബൈൽ. | C-1657/KBR/ 09-10/20-04-10 | 10.2 ച.മീറ്റർ. |
| 6. | M/S. റിലയൻസ് സർവ്വീസ് ഇൻഫ്രാടെൽ ലിമിറ്റഡ്. | C.1139/KBR/ 09-10 | 10.56. ച.മീറ്റർ. |
| 7. | ബിജു.ടി.നായർ,വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്,6 th ഫ്ലോർ, മാതർ സ്ക്വയർ,കൊച്ചി. | പെർമിറ്റ് നം ലഭ്യമല്ല. | 22.30 ച.മീറ്റർ. |

ബന്ധപ്പെട്ടവർക്ക് തുക അടക്കുന്നതിന് നോട്ടീസ് നൽകിയതായി രേഖയുണ്ടെങ്കിലും ഈയിനത്തിൽ വസ്തു നികു ലഭിച്ചിട്ടില്ല. നിയമാനുസൃതമായി നികുതി നൽകാതെ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികു പിരിച്ചെടുക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡയസ്നോൺ ദിവസത്തെ ശമ്പളം സർക്കാർ ഉത്തരവില്ലാതെ തിരികെ നൽകി

2015 സെപ്റ്റംബർ 2 ാം തിയതിയിലെ ട്രേഡ് യൂണിയനുകളുടെ അഖിലേന്ത്യ പണിമുടക്കിനോട് അനുബന്ധി സർക്കാർ ഉത്തരവ് നം -227/2015/GAD തിയതി 25.08.2015 പ്രകാരം പണിമുടക്ക് ദിവസം ജോലിക്ക് ഹാജരാകാര

ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കിയിരുന്നു. പഞ്ചായത്തിൽ അന്നേ ദിവസം ജോലിക്ക് ഹാജരാകാതിരു 11ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത ഒരു ദിവസത്തെ ശമ്പളമായ 8,889 രൂപ 2015നവംബർ മാസത്തെ 6 ാം നമ്പർ വൗച്ചർ (ചെക്ക് നം-00198 dtd 12.11.15) പ്രകാരം ജീവനക്കാർക്ക് തിരികെ നൽകിയിട്ടുണ്ട്. വാഹ സൗകര്യമില്ലാത്തതിനാൽ അന്നേ ദിവസം ജീവനക്കാർക്ക് ആകസ്മിക അവധി അനുവദിച്ച കൊണ്ടാണ് സെക്രട്ടറി ശമ്പ തിരികെ നൽകിയിരിക്കുന്നത്. 2015 സെപ്റ്റംബർ 2 ാം തിയതിയിലെ പണിമുടക്കിനോട് അനുബന്ധി വാഹനസൗകര്യമില്ലാത്തതിനാൽ ജോലിക്ക് ഹാജരാകുവാൻ സാധിക്കാത്തവർക്ക് അവധി അനുവദിച്ചുകൊണ്ടുള്ള സർക്ക ഉത്തരവില്ലാതെയാണ് പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം തിരികെ നൽകിയിരിക്കുന്നത്. ചുവടെ ചേർക്കുന്നു.

1.ശ്രീ.ജയറാം നായ്ക്കൻ,അസി.സെക്രട്ടറി - Rs.1,263/-

2.ശ്രീ.ഇ.എം അസീസ്,ഹെഡ് ക്ലർക്ക് - Rs.1,036/-

3.ശ്രീ.ഫൗലാദ് എ.എഫ്,അക്കൗണ്ടന്റ് - Rs.987/-

4.ശ്രീ.കപിൽദേവ് എം.,സീനിയർ ക്ലർക്ക് -Rs.870/-

5.ശ്രീമതി.ഷെൽന ആർ,സീനിയർ ക്ലർക്ക് - Rs.870/-

6.ശ്രീ.പ്രദീപ് ഡി പ്രസാദ്,സീനിയർ ക്ലർക്ക് -Rs.827/-

7.ശ്രീമതി.വി.കെ ഷീല, ക്ലർക്ക് - Rs.851/-

8.ശ്രീ.സി.പി ധനേഷ് , ക്ലർക്ക് - Rs.769/-

9.ശ്രീമതി .ഷാമിന., ഓഫീസ് അറ്റൻഡന്റ് - Rs.609/-

10.ശ്രീ.സി.എം.വിശ്വംഭരൻ , പാർട്ട് ടൈം ഫെറിമാൻ - Rs.435/-

11.ശ്രീമതി.എ.സുധാമണി , പി.റ്റി.എസ് - Rs.372/-

സർക്കാർ ഉത്തരവില്ലാതെ തിരികെ നൽകിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ആർജ്ജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു.

2015-16 സാമ്പത്തിക വർഷത്തിലെ തനത്ഫണ്ട് ചെലവുരേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ 2016 മാർ മാസത്തെ 1194 ാം നമ്പർ വൗച്ചർ (ചെക്ക് നം-007940 dtd 23.03.16) പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന് 20 ദിവസത്തെ ആർജിതാവധി സറണ്ടറായി 9,000 രൂപ നൽകിയിട്ടുണ്ട്. കെ.എസ്.ആർ പാർട്ട് 1,അപ്പൻഡിക്സ് VII ലെ റൂൾ 2 പ്രകാരം 1 മുത 5 വർഷം വരെയുള്ള കാലയളവിലേക്ക് ജോലി ചെയ്യുന്ന , കെ.എസ്.ആർ പാർട്ട് 1 റൂൾ 8 പ്രകാരം താത്കാലികമാ നിയമിക്കപ്പെടുന്ന താത്കാലിക ജീവനക്കാർക്ക് വർഷത്തിൽ പരമാവധി 15 ആർജിതാവധിക്കാണ് അർഹതയുള്ളത്. വർഷ 15 ആർജിതാവധിക്ക് അർഹതയുള്ള ജീവനക്കാരിക്ക് 20 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമ അധികമായി നൽകിയ 2250 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി ---സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു.

നിർവ്വഹണം --- അസി. സെക്രട്ടറി

<u>ചെലവ് വിവരം</u>

ബിൽനം 17/2015-16/ 19.2.2016 --- 3,50,000

ബിൽനം 18/2015-16/ 27.2.2016 --- 75,000

ബിൽനം 27/2015-16/ 31.3.2016 --- 8,00,000

ആകെ തുക --- 12,25,000/-

വിവിധ വാർഡുകളിലെ 17 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി 17,00,000 രൂ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയാണ് എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട്നം 116/2016). ടി പദ്ധ

പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ 16 ഗുണഭോക്താക്കൾക്ക് 75,000 രൂപ വീതവും ഒരു ഗുണഭോക്താവിന് 25,000 രൂ മുൻകൂറായി നൽകുന്നതിനുമായി തൻവർഷം 12,25,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെ അപാകതകൾ ചുവടെ കൊടുക്കുന്നു.

15.2.2016ലെ ജി.ഒ.(ആർ.ടി) 626/2016 തസ്വഭവ പ്രകാരം നിലവിലുള്ള വീടിനോട് ചേർന്ന് കുറഞ്ഞത് 120 ചതുരശ്ര അ വിസ്തീർണ്ണമുള്ള ഒരു പഠനമുറി നിർമ്മിക്കേണ്ടതാണ്. എന്നാൽ നിലവിലുള്ള ഒരു മുറി ഫർണിഷ് ചെ പഠനമുറിയാക്കിയതിനാണ് ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം നൽകിയിട്ടുള്ളത്. പഠനമുറി നിർമ്മിക്കുന്നതി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും നിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് അളവെടുക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ തു അനുവദിക്കുയുമാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ പഠനമുറികൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അളവെടുക്കുകയോ ചെയ്തിട്ടില്ല. യഥാർത്ഥ ചെലവ് നിർണ്ണയിക്കാതെ പഠനമുറി നിർമ്മാണത്തിന് 75000 രൂ ചെലവായിട്ടുണ്ടെന്നുള്ള അസി.എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാ ചെയ്തിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. 1.1.2016ലെ രണ്ടാം നമ്പർ കമ്മിറ്റി തീരുമാനത്തിെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.5/30-12-16) മറുപടി നൽകിയത്. ഒരുമുറി അധികമായി നിർമ്മിക്കുന്നതിന് പകരം നിലവിലുള്ള ഒരുമുറി ഫർണി ചെയ്യുന്നതിനാണ് മേൽ തീയതിയിലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം നിലവിലുള്ള മു നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. തന്മൂലം ഗുണഭോക്താക്കൾ യഥേഷ്ടം പ്രവൃത്ത നിർവ്വഹിക്കുകയാണുണ്ടായത്. ആയതിനാൽ ടി പ്രവൃത്തിക്ക് ഓരോ ഗുണഭോക്താവും എത്ര തുക വീതം ചെലവഴിച്ചുവെ വ്യക്തമല്ല. സർക്കാർ ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പദ്ധതികളിൽ സർക്കാർ ഉത്തരവ് ലംഘിച്ച് പദ്ധതി നിർവ്വഹണ നടത്തുവാൻ പഞ്ചായത്ത് കമ്മറ്റിയ്ക്ക് അധികാരമില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണ നടത്തുന്നതിനായി ചെലവഴിച്ച 12,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണ നടത്തുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു

## 3-4 സാനിട്ടറി കക്കൂസ് --- വികസന ഫണ്ട് അധികം ചെലവഴിച്ചു

<u>ചെലവ് വിവരം</u>

തുക --- 13600/- (ബിൽനം 1/2015-16/ 19.8.2016)

തുക --- 17000/- (ബിൽനം 2/2015-16/ 10.10.2016)

തുക --- 84000/- (ബിൽനം 3/2015-16/ 18.10.2016)

ആകെ --- 1,14,600 രൂപ

വി.ഇ.ഒ തൃച്ചാറ്റുകുളം സർക്കിൾ തൻവർഷം നടപ്പാക്കിയ സാനിട്ടറി കക്കൂസ് (പ്രോജക്ട്നം 114/2016) എന്ന സ്പിൽ ഓവ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 1,14,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 30,600/- രൂപ ഗുണഭോക്താക്കൾ 3,400 രൂപ വീതം നൽകുന്നതിനും 84000 രൂപ വിനിയോഗിച്ചിരിക്കുന്നത്. ഇവരിൽ 7 ഗുണഭോക്താക്കൾക്ക് 12000 രൂ വീതം നൽകുന്നതിനിമായിട്ടാണ്. കക്കൂസ് നിർമ്മാണത്തിനായി വികസന ഫണ്ടിൽ നിന്നും ഒരു ഗുണഭോക്താവിനായി 34 രൂപയാണ് ചെലവഴിക്കാവുന്നത്. ശേഷിക്കുന്ന 12000 രൂപ ശുചിത്വമിഷൻ ഗ്രാന്റിൽ നിന്നാണ് നൽകേണ്ടത്. ഇതി വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും മുഴുവൻ തുകയും നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. വികസന ഫണ്ടിൽ നിന്നും അധികം പിൻവലിച്ച് ചെലവഴിച്ച 84000 രൂപ തിരിെ വികസന ഫണ്ടിൽ ഒടുക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-5 പൈനൂർ - കുട്ടംചേരി റോഡ് മെറ്റലിംഗ് - ഗ്രാവൽ ഫില്ലിംഗിന് അധിക നിരക്ക് നൽകി.

ചെലവ് : ബിൽ നം.32/30.03.2016 198152/-

ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയിട്ടുള്ള പ്രസ്തുത പ്രോജക്ടിന്റെ (S0034/16) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 2014 D പ്രകാരമാണ്. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ 6/7/15-ൽ 6/AEE/LSGD/PNLY/15-16 പ്രകാരം സാങ്കേതികാനുമ ലഭിച്ച എസ്റ്റിമേറ്റിലെ 1-ാം ഇനമായ ഗ്രാവൽ ഫില്ലിംഗിന് 950.76/$m^3$ നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ, നിരീക്ഷണ പ്രകാരം ഗ്രാവൽ ഫില്ലിംഗിന് നൽകിയിട്ടുള്ള നിരക്ക് 893.95/$m^3$ ആണ്. എന്നാൽ അളവുപുസ്തകം നം.04/15-16 പ്രകാരം 1- ഇനമായ ഗ്രാവൽ ഫില്ലിംഗ് 110.46 $m^3$അളവിൽ ചെയ്യുകയും 109.40 $m^3$ ആയി ലിമിറ്റ് ചെയ്ത് 950.76/m3 നിരക്ക് പ്രകാ 104013.14 രൂപ കൺവീനർ ശ്രീ.കെ.ബി.രാധാകൃഷ്ണൻ നായർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇനത്തി

അനുവദിക്കാവുന്ന തുക 97798 രൂപയാണ് (109.40X893.95/$m^3$). അധികനിരക്ക് നൽകിയതുമൂലം പഞ്ചായത്തിന് 62 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അധിക തുക നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 03.01.2017-ൽ നൽകിയ 13-നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അധിക തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കുന്നതി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കൺവീനറിൽ നിന്നും ഈടാക്കാത്തപക്ഷം എസ്റ്റിമേ തയ്യാറാക്കിയ അസി.എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# 3-6 മീഡിയാശ്രീ പദ്ധതി പൂർത്തികരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (സാ.ധാ) 813/15ത.സ്വ.ഭ.വ, 20.3.15 പ്രകാരം സ്റ്റേറ്റ് കുടുംബശ്രീ മിഷന്റെ മീഡിയാശ്ര പദ്ധതിയുടെ (പ്രോജക്ട് നമ്പർ – 118/16) ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനം നിലവിലെ ഭരണസമിതിയുടെ ഭരണനേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന് കുടുംബശ്രീ മിഷൻ ജില്ല പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് 65000/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നമ്പർ –1/15-16/5.9.15). എന്നാൽ ഡോക്യുമെന്റ പൊതുജനങ്ങൾക്ക് വീക്ഷിക്കാവുന്ന വിധം നാളിതുവരെ പഞ്ചായത്ത് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ആയ പ്രസിദ്ധപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡി എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-7 പൊതുടാപ്പുകളുടെ വെള്ളക്കരം -അധിക തുക നൽകി

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധന പൂർത്തിയാക്കിയതാം പഞ്ചായത്ത് അറിയിച്ചുവെങ്കിലും സംയുക്ത പരിശോധന റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയില്ല. 2015 ആഗസ്റ്റ് മാസത്തെ വെള്ളക്കരമായി 83,003 രൂപ 433 ാം നമ്പർ വൗച്ചർ [DDനം-062633 dtd 25.08.15) പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകിയ വിവിധ മാസങ്ങളിലെ ബില്ലുകൾ പ്രകാരം പഞ്ചായത്തിലെ 187പൊതുടാപ്പുകളുടെ പ്രതി വർഷം 5250 രൂപ നിരക്കിലുള്ള വെള്ളക്കരം പ്രതിമാസം 81,812 രൂപയായിരിക്കെ 2015 ആഗസ്റ്റ് മാസത്തിൽ മാത്രം 1,191രൂപ അധികം നൽകിയിട്ടുണ്ട്. 2015 ആഗസ്റ്റ് മാസത്തെ വാട്ടർ ബില്ല് വൗച്ചറിനൊപ്പമില്ല. ഇ സംബന്ധിച്ചുള്ള വിശദീകരണത്തിൽ തുക അടക്കാൻ വൈകിയതിനാലുള്ള പിഴപ്പലിശയാണിതെന്നും ബന്ധപ്പെട്ടവരി നിന്നും ഈ തുക തിരികെ ഈടാക്കുമെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തനത്ഫണ്ടിൽ നിന്നും അധിക ചെലവഴിക്കേണ്ടിവന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-8 സ്റ്റുഡന്റ് പോലീസ് കേഡറ്റിന് വിഹിതം നൽകൽ --- ചെലവ് രേഖകൾ ഹാജരാക്കിയില്ല.

സ്റ്റുഡന്റ് പോലീസ് കേഡറ്റിന് വിഹിതം നൽകൽ (പ്രോജക്ട്നം 172/2016) എന്ന പദ്ധതിയ്ക്കുവേണ്ടി തൻവർഷം ധനകാ കമ്മീഷൻ ഗ്രാന്റിൽ നിന്നും 50000രൂപ പിൻവലിച്ച് ശ്രീനാരായണ ഹൈസ്കൂൾ പ്രഥമാധ്യാപികയ്ക്ക് നൽകിയിട്ടുണ്ട് (ഡിഡിന 502195/ 3.3.2016). ടി തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നി പരിശോധനയ്ക്കായി ഹാജരാക്കിയില്ല. സ.ഉ.(സാധാ)നം 3/2012/ തസ്വഭവ തീയതി 2.1.2012 അനുസരിച്ച് എസ്.പി.സിയു പ്രവർത്തനങ്ങൾക്കായി 50,000 രൂപയിൽ കവിയാത്ത തുക കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിൽ നിന ചെലവഴിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ടി ഉത്തരവിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റി നിന്നും തുക നൽകിയതിന്റെ കാരണം വ്യക്തമല്ല. ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്നാ ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി എസ്.പി.സിയു പ്രവർത്തനങ്ങൾക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക തനത് ഫണ്ടി നിന്നും പിൻവലിച്ച് സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, ചെല രേഖകൾ എന്നിവയുടെ അഭാവത്തിൽ ടി പ്രോജക്ടിനായി പിൻവലിച്ച 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-9 P.H.C ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ ' മരുന്ന് വാങ്ങ പദ്ധതിയ്ക്കായി (പ്രോജക്ട് നം- എസ് 0061/16) വികസന ഫണ്ടിൽ (ജനറൽ) നിന്നും 80,000/- രൂപ അഡ്വാൻസായി 16.03.

ൽ ബിൽ നം -04/15-16 വഴി പിൻവലിച്ച് 21.03.2016ലെ 502446നമ്പർ ഡി.ഡി പ്രകാരം കേരള മെഡിക്കൽ സർവ്വീ കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 20.04.2016,16.07.2016 തിയതികളിലെ യഥാക്രമം 237, 240,2006 & 2008 നന ഇൻവോയ്സ് പ്രകാരം ഇതിൽ 77,196/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവ ആശുപത്രിക്ക് ലഭിച്ചിട്ടുള്ളൂ. 2,804 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. ഈ ബാക്കി തുകയുടെ മരുന്ന് ലഭ്യമാക്കുന്നതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി.

നിർവ്വഹണം --- അസി. സെക്രട്ടറി

ചെലവ് വിവരം

ബിൽനം 17/2015-16/ 19.2.2016 --- 2,53,260

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (പ്രോജക്ട്നം 13/2016) എന്ന പദ്ധതി പ്രകാരം ആറ് വിദ്യാർത്ഥികൾ ലാപ്പ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി വിതരണം ചെയ്തയിനത്തിൽ വികസന ഫണ്ടിൽ നിന്നും 2,53,260 രൂപ ചെലവഴിച്ചിട്ടു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ വിഷ്ണു വിജയൻ ശങ്കർ ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാ ടിയാൻ മാർച്ച് 2015ൽ പഠനം പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ പഠനം തുടർന്നുകൊണ്ടിരിക്കുന്നവർക്കാണ് മേൽ പദ്ധ പ്രകാരം ആനുകൂല്യം നൽകാവുന്നത്. ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുക്കുന്ന സമയത്ത് ഗുണഭോക്താവായ വി യാതൊരുവിധ തൊഴിലധിഷ്ഠിത കോഴ്സും ചെയ്തിരുന്നില്ല. ടിയാൻ 2015-16 വർഷം മറ്റേതെങ്കിലും തൊഴിലധിഷ്ഠിത കോഴ്സി ചേർന്നിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. ടിയാ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എം.സി.എയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥിയാണെന്നും അപേക്ഷയിൽ അഡ്മിഷൻ പ്രോസ നടന്നുകൊണ്ടിരിക്കുകയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. എന്നാൽ പഠിക്കുന്ന സ്ഥാപനത്തി നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ ടിയാന് ലാപ്പ്ടോപ്പ് വാങ നൽകുന്നതിന് ചെലവഴിച്ച 42,210 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-11 ചെലവുരേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

തനത്ഫണ്ട് ചെലവുരേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ 2015 ഡിസംബർ മാസത്തെ 807 ാം നമ്പർ വൗച (ചെക്ക് നം-273527 dtd 10.12.15) പ്രകാരം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള തനത്ഫണ്ട് വിഹിതമാ വാർഡൊന്നിന് 5000 രൂപ വീതം 90,000 രൂപ മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി) നൽകിയിട്ടുണ്ട്. ഈ തു മെഡിക്കൽ ഓഫീസർ വാർഡ് ചുമതലയുള്ള ജീവനക്കാർക്ക് കൈമാറിയ വിവരമല്ലാതെ തുകയുടെ വിനിയോഗവിവരങ്ങ ചെലവ് രേഖകളും ലഭ്യമാക്കിയിട്ടില്ല.

2016 ഫെബ്രുവരി മാസത്തെ 1061 ാം നമ്പർ വൗച്ചർ (ചെക്ക് നം-007354 dtd 18.02.16) പ്രകാരം പഞ്ചായത്ത് ഓഫീസിലേ സ്റ്റേഷനറി വാങ്ങിയതിനായി ക്ലീറ്റസ് എന്നയാളിന് 1565/- രൂപ 25.02.16 ൽ നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേഷന വാങ്ങിയതിന്റെ ബില്ല് , തുക കൈപ്പറ്റിയതിന്റെ രസീത് എന്നീ രേഖകൾ വൗച്ചറിനൊപ്പമില്ല. ഇത് സംബന്ധിച്ച് നൽകി ഓഡിറ്റ് എൻക്വയറിയനുസരിച്ചും രേഖകൾ നൽകിയില്ല.

ചെലവുരേഖകളുടെ അഭാവത്തിൽ മേൽ ഇനങ്ങളിൽ ചെലവാക്കിയ 91,565 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-12 വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ റാമ്പ് നിർമ്മാണം -- അളവ് പുസ്തകം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

ചെലവുതുക --- 43,284രൂപ (ബിൽനം 35/2015-16/ 31.3.2016)

നിർവ്വഹണം --- സെക്രട്ടറി

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ റാമ്പ് നിർമ്മാണം (പ്രോജക്റ്റ്നം 172/2016) എ പദ്ധതി പ്രകാരം ഗവ. എൽ.പി.എസ് ഓടമ്പള്ളി, ഗവ. എൽ.പി.എസ് തളിയാപറമ്പ് എന്നിവിടങ്ങളിൽ റാ നിർമ്മിക്കുന്നതിന് 43,284 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതി കരാറുകാരനായ ശ്രീ. അനിൽകുമാർ എന്നയാളെ ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇതനുസരിച്ച് ടി പ്രവൃത്തിയ്ക്കാ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടി ആയതിനാൽ ഓരോ ഇനവും എത്ര അളവിൽ ചെയ്തിട്ടുണ്ടെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. അളവു പുസ്ത ഹാജരാക്കുന്നതിന് അസി. എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപ നൽകിയത്. എന്നാൽ എം ബുക്ക് ഓഡിറ്റിന് ഓഡിറ്റ് പൂർത്തിയാകുന്ന ദിവസവും ഹാജരാക്കിയില്ല. ആയതിനാൽ ഇതിനാ ചെലവഴിച്ച 43,284 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 പാലിയേറ്റീവ് കെയർ പദ്ധതി -അപാകങ്ങൾ

**പാലിയേറ്റീവ് കെയർ (Project no-0060/16)**

ബിൽ നം-1/2015 -16 Rs.77,220/- dtd 28.07.15

ബിൽ നം-2/2015-16 Rs.40,400/- dtd 11.09.15

ബിൽ നം-3/2015-16 Rs.36,960/- dtd 23.11.15

ബിൽ നം-5/2015-16 Rs.6,320/- dtd 23.03.16

ബിൽ നം-6/2015-16 Rs.25,000/- dtd 23.03.16

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീ പരിചരണ പദ്ധതിയിലെ (പ്രോജക്റ്റ് നം- S 0060/16) വൗച്ചറുകൾ പരിശോധിച്ചതിൽ പദ്ധതിയി സ്വാന്തനപരിചരണത്തിൽ പങ്കെടുക്കുന്ന ആശ പ്രവർത്തകർക്ക് പ്രതിഫലം നൽകുന്നതിനായി വിവിധ ബില്ലുകൾ പ്രകാ 11,300/- രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ തിയ 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015) പ്രകാരവും സബ്സിഡി മാർഗ്ഗരേഖ പ്രകാര പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരു സഹായവും പങ്കാളിത്തവും ഉറപ്പുവരുത്തിയാണ് നടപ്പിലാക്കേണ്ടത്. ഇത്തരം സന്ദർഭങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണ നല്കുന്നതിനായി തുക ചെലവഴിക്കുന്നതിനാണ് അനുമതിയുള്ളത്. ഇവയല്ലാതെ പാലിയേറ്റീവ് പരിചരണത്തിൽ പങ്കെടുക്കു പ്രവർത്തകർക്കുള്ള പ്രതിഫലം മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഈയിനങ്ങളിൽ ഉൾപ്പെടാത്ത തുക പ്രതിഫ നൽകുന്നതിനായി ചെലവഴിച്ചത് ജില്ലാതല പാലിയേറ്റീവ് കോർഡിനേഷൻ കമ്മിറ്റി തയ്യാറാക്കിയ മാതൃ പദ്ധതിയനുസരിച്ചാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ ഈയിനം ചെലവ് സർക്കാ മാർഗ്ഗരേഖയിൽ ചേർത്തിട്ടില്ല.പാലിയേറ്റീവ് പരിചരണത്തിനായി വാഹനം ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വാഹനമാണ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാടകക്ക് എടുക്കേണ്ടത്. 2015-16 ൽ ശ്രീ.ശരത എന്നയാളിന് പ്രതിദിനം 700/-രൂപ വാഹനവാടക നൽകിയിട്ടുണ്ടെങ്കിലും ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടി പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് -ഉയർന്ന നിരക്ക് നൽകുന്നതിലൂടെ അധികച്ചെലവ്

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 67,511/- രൂപ വീതമാ നൽകി വരുന്നത്.തെരുവുവിളക്കുകളുടെ KSEB Bill പ്രകാരം 19/08/2015 ൽ താഴെപ്പറയുന്ന എണ്ണം ബൾബുകളാ തെരുവുവിളക്കുകളിൽ ഉപയോഗിച്ചിട്ടുള്ളത്.

സാധാരണ ബൾബ് - 40 W- 270 എണ്ണം – വൈദ്യുതി ചാർജ്- 16,470/-

(ഇൻകാൻഡസെന്റ്) - 60 W- 88 എണ്ണം - വൈദ്യുതി ചാർജ്- 8,272/-

ഫ്ലൂറസെന്റ് ലാമ്പ് (2 x 40 W)-274എണ്ണം - വൈദ്യുതി ചാർജ്- 33,976/-

40 W- 10 എണ്ണം – വൈദ്യുതി ചാർജ്- 610/-

CFL ലാമ്പ് (2 x 11 W) 200 എണ്ണം         വൈദ്യുതി ചാർജ്- 2800/-

സോഡിയം വേപ്പർ ലാമ്പ്   -13 എണ്ണം        വൈദ്യുതി ചാർജ്- 5382/-

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഫിറ്റിംഗ്,അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ചതി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ C.F.L ലാമ്പ്, ട്യൂബ്സെറ്റുകളാണ് ഫിറ്റിംഗ്,അറ്റകുറ്റപ്പണികൾ എന്നിവക്കാ വാങ്ങിയിട്ടുള്ളത്. എന്നാൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ യാതൊരു കുറവും വന്നിട്ടില്ല. സി.എഫ്.എല്ലി (2x11w)വൈദ്യുതി ചാർജ് 12 മണിക്കൂറിന് 14 രൂപ മാത്രമായിരിക്കെ 40 ,60 വാട്ട് സാധാരണ ബൾബുകൾക്ക് യഥാക്രമം രൂപ, 94 രൂപ വീതമാണ് നൽകേണ്ടിവരുന്നത്. പഞ്ചായത്ത് പുതുതായും അറ്റകുറ്റപ്പണി നടത്തിയും സ്ഥാപിക്ക തെരുവുവിളക്കുകൾ CFL ലാമ്പുകളാണ് എന്നിരിക്കെ കെ.എസ്.ഇ.ബി ബില്ലിൽ ആകെ തെരുവിളക്കുകളിൽ 42% സാധാരണ ബൾബുകളാണ്.ഇവക്കുള്ള ഉയർന്ന നിരക്കിലെ വൈദ്യുതി ചാർജാണ് പഞ്ചായത്ത് നിലവി നൽകുന്നത്.വിവിധ തെരുവുവിളക്കുകളുടെ നിലവിലെ എണ്ണം സംബന്ധിച്ച പരിശോധന നടത്തി യഥാർത്ഥത്തി ഉപയോഗിക്കുന്ന തെരുവുവിളക്കുകളുടെ തരത്തിന് അനുസൃതമായ വൈദ്യുതി ചാർജ് മാത്രമാണ് നൽകുന്ന എന്നുറപ്പുവരുത്തേണ്ടതാണ്. വൈദ്യുതി ചാർജ്ജിനത്തിൽ ഇവ്വിധം അധികം നൽകിയ തുക ക്രമപ്പെടുത്തിക്കിട്ടുന്നതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 തെരുവ് വിളക്ക് വാങ്ങലും റിപ്പയറിംഗും --- നിർവ്വഹണത്തിലെ അപാകതകൾ

തെരുവ് വിളക്ക് വാങ്ങലും റിപ്പയറിംഗും (പ്രോജക്റ്റ്നം 172/2016) എന്ന പദ്ധതിയ്ക്കായി തൻവർഷം 1,99,875രൂ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ ഒരുലക്ഷം രൂപ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും 99,875 രൂ റിപ്പയറിംഗിനുമായാണ് ചെലവഴിച്ചിരിക്കുന്നത്. കരാറുകാരനായ ശ്രീ. ഗഫൂർ തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതി മാത്രമാണ് കരാർ എടുത്തിട്ടുള്ളത്. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ പഞ്ചായത വാങ്ങി നൽകുന്നതിന് പകരം കരാറുകാരന് സ്വന്തം നിലയ്ക്ക് വാങ്ങുവാൻ അനുവാദം നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാ ഒരുലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കി കരാറുകാരനാണ് ഇവ കൈവശം വച്ച് വിനിയോഗിക്കുന്നത്. ടിയാൻ പല തീയതികളിലായി വാങ്ങിയ സാധനങ്ങളുടെ ബി പരിശോധിച്ചതിൽ 290 സിഎഫ് ലാമ്പുകളും 450 ട്യൂബ് സെറ്റുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് ഒ ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ 189 സിഎഫ് ലാമ്പുകളും 334 ട്യൂബ് സെറ്റുകളുമാണ് ടിയാൻ റിപ്പ ചെയ്തതിട്ടുള്ളത്. ശേഷിക്കുന്ന ഉപകരണങ്ങൾ കരാറുകാരന്റെ കൈവശമാണ്. ഇവ പിന്നീട് വിനിയോഗിച്ചിട്ടുണ്ടെങ്കി ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഫയൽ പരിശോധി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ടെണ്ടർ നടപടികളിലൂടെ ആവശ്യമാ ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകുന്നതിന് പകരം ഇവ യഥേഷ്ടം വാങ്ങുന്നതിന് കരാറുകാര ചുമതലപ്പെടുത്തിയതുമൂലം വാങ്ങിയ സാധനങ്ങളുടെ വിലയും ഗുണനിലവാരവും ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. വ്യക്തമാ കാഴ്ചപ്പാടില്ലാതെ പദ്ധതി നിർവ്വഹണം നടത്തിയതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. നാളിതുവരെ വിനിയോഗിക്കാ ഉപകരണങ്ങൾ വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം ഇവയുടെ വില കരാറുകാരനിൽ നിന്ന ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിലോയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-16 വില്ലേജ് - വീരമംഗലം റോഡ് ടാറിംഗ് - പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരൻ കാലാവധി ദീർഘീകരണത്തിന് അപേക്ഷ നൽകിയില്ല.

2015-16 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയ്ക്കായി തനതുഫണ്ടിൽ നിന്നും 710000 രൂപയാ വകയിരുത്തിയിരുന്നത്. 17.06.2015 – ൽ 2/PNLYGP/2015-16 നമ്പരായി നൽകിയ ടെൻഡർ നോട്ടീസ് പ്രകാരം പ്രസ്തു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.12.2015 ആണ്. ശ്രീ.രത്നാകരൻ.പി.എസ് എന്ന വ്യക്തിയുടെ 10.01% കു രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിക്കുകയും (PAC-636013/-) 01.08.2015-ൽ കരാറുകാരന് സൈറ്റ് കൈമാറുക ചെയ്തിട്ടുണ്ട്. അളവുപുസ്തകം നം.42/14-15 പ്രകാരം പ്രവൃത്തിയുടെ അവസാനത്തെ ഇനത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ള 14.03.2016-ലാണ്. 01.02.2012-ലെ ജി.ഒ.(പി)13/2012/PWD ഉത്തരവിലെ 2112 സെക്ഷൻ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല എന്നു കാണുന്നു. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ അപേ

നൽകുകയോ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ല. ഇത് പാലിക്കാത്തതുമൂലം പിഴയിനത്തി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹി പ്രവൃത്തികൾ അനധികൃതമാണെന്നും അതിന് തുക നൽകാവുന്നതല്ലെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടു പൊതുമരാമത്ത് പ്രവൃത്തികൾക്ക് ബാധകമായിട്ടുള്ള സർക്കാർ ഉത്തരവുകളിലേയും പൊതുമരാമത്ത് ചട്ടങ്ങളിലേ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-17 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുന്യൂനതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളു നിർവ്വഹണത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1.നിർവ്വഹണ ഉദ്യോഗസ്ഥനും കരാറുകാരനും തമ്മിൽ ഏർപ്പെടുന്ന കരാറുകളിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവ രേഖപ്പെടുത്തുന്നില്ല. ആവശ്യമായ വിവരങ്ങളൊന്നും രേഖപ്പെടുത്താതെ അപൂർണ്ണമായ കരാറുകളും ഫയലിൽ സൂക്ഷിച്ചിട്ടു പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പ്രോജക്ടുകളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

2.ഗുണഭോക്തൃസമിതി മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ, വരവും ചെലവും അതാത് ദിവസം തന്നെ രേഖപ്പെടുത്ത വരവ് ചെലവ് കണക്കുപുസ്തകം സൂക്ഷിക്കേണ്ടതാണെങ്കിലും (സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പ്രസിദ്ധീകരി ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ നിർദ്ദേശം) ആയത് സൂക്ഷിച്ചിട്ടില്ല. ചില പ്രവൃത്തികളിൽ വരവ് ചെലവ് കണക്കുക ഗുണഭോക്തൃസമിതി യോഗത്തിൽ അംഗീകരിച്ചിട്ടില്ല. ഉദാ:-ഈടുപുഴ-കുറ്റിക്കര റോഡ് നിർമ്മാണം പ്രോജക്ട് നം.S0057/ കൺവീനർ - ചന്ദ്രൻ, കരോട്ട്.

3.റോഡ് ടാറിംഗ് പ്രവൃത്തികളുടെ അളവ്പുസ്തകങ്ങളിൽ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. കരാറുകാര അനുവദിച്ച ബിൽതുകയിൽ നിന്നും ബാരലിന്റെ വിലയും VAT- ഉം കുറവ് ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിവരം ചുവ ചേർക്കുന്നു.

1.വില്ലേജ് – വീരമംഗലം റോഡ് ടാറിംഗ് പ്രോജക്ട് നം: 202/15-16

2.ഈടുപുഴ – കുറ്റിക്കര റോഡ് ടാറിംഗ് പ്രോജക്ട് നം:190/15-16

3.901 – വാരികാട് റോഡ് ടാറിംഗ് പ്രോജക്ട് നം:44/15-16

4.പള്ളിവെളി – കരാളപതി റോഡ് മെറ്റലിംഗ് & ടാറിംഗ് പ്രോജക്ട് നം:50/15-16

5.പുന്നക്കൽ – ചീപ്പുങ്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ് പ്രോജക്ട് നം:51/15-16

മേൽ അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 കന്നുകുട്ടി പരിപാലന പദ്ധതി- പ്രോജക്ട് പൂർത്തിയാക്കിയില്ല

കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി (പ്രോജക്ട് നം.S0067/16) 25.01.2016-ലെ ബിൽ നം. 1/2015-16 പ്രകാരം 312500 രൂ പിൻവലിച്ച് ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി.ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് 29.08.2016-ലാ ആരംഭിച്ചിട്ടുള്ളത്. പൂച്ചാക്കൽ ക്ഷീരോല്പാദകസംഘം (A170D APCOS)ഹാജരാക്കിയ വിതരണരേഖകൾ പരിശോധിച്ചതി ഒരു തവണ മാത്രമാണ് ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തിയിട്ടുള്ളത്. പ്രോജക്ട് പൂർത്തിയാക്കുന്ന മുറ വിനിയോഗസാക്ഷ്യപത്രവും വിതരണരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 വാർഷിക ധനകാര്യപത്രികയുടെ പരിശോധന - അപാകതകൾ

1.വാർഷിക ധനകാര്യ പത്രികയിലെ വിവിധ പ്ലാൻ ഹെഡിലെ തൻവർഷത്തെ വരവു ചെലവുകൾ , നീക്കിയിരു

എന്നിവയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള ട്രഷറിയിലെ കണക്കുകൾ പരിശോധന ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ ട്രഷറിയിലേതുമാ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.വാർഷിക ധനകാര്യപത്രികയിലെ ബാങ്ക് ബാലൻസിൽ (RP 40 (b)) SCB 1249 EMS അക്കൗണ്ടിലെ പാസ്സ്ബുക്ക പ്രകാ 31.03.2016 ലെ നീക്കിയിരുപ്പുള്ള തുക 5886/- രൂപയും SCB 901 EMS അക്കൗണ്ടിലെ പാസ്സ്ബുക്ക പ്രകാരം 31.03.2016 ന നീക്കിയിരുപ്പുള്ള 1984 രൂപയും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. SBT സാനിട്ടേഷൻ അക്കൗണ്ടി റിക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല.അക്കൗണ്ടിൽ വരേണ്ട 64,400 രൂപ തെറ്റായി SBT Non banki എന്ന അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അക്കൗണ്ടിന്റെ Cheques issued but not cleared ൽ കാലാവധി കഴിഞ ചെക്ക് നം - 110236 Rs.10,000/- dtd 28/08/2014 ഉൾപ്പെടുത്തിയിട്ടുണ്ട്.

3. വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയർ, എ.എഫ്.എസ് എന്നിവ പ്രകാരമുള്ള ഡിമാന്റ്, കുടിശ്ശിക എന്നിവ2015-16 ല വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശിക, ഡിമാന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. I -VII പ്രൊഫോർമ പ്രകാരമുള്ള തൻവർഷത്തെ വരവ് - ചെലവുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. I - പ്രൊഫോർമ നീക്കിയിരിപ്പുള്ള വിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

5.ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ വർഷത്തെയും ഇനം തിരിച്ചുള്ള ഡെപ്പോസിറ്റുകൾ തയ്യാറാക്കിയിട്ടില്ല. രജിസ്റ്റ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റുകളുടെ കണക്ക് വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

6. ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ Rent receivables from buildings (arrears)എന്ന ശീർഷകത്തിൽ കാണിച്ചിട്ടു 26,924രൂപ സംബന്ധിച്ച കൃത്യമായ വിശദീകരണമോ കണക്കുകളോ ലഭ്യമല്ല.

7.വാർഷിക ധനകാര്യ പത്രികയിലെ ആസ്തി വിവരങ്ങളിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ

വിവരങ്ങളൊന്നുമില്ല.ആസ്തി രജിസ്റ്റർ പ്രകാരമുള്ള മറ്റ് എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

**4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | 60/15-16 സാന്ത്വനപരിചരണം | 68060 | 31940 |

**4-3. <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>**

ഇല്ല

**4-4. <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>**

ഇല്ല

**4-5. <u>വായ്പ/ വായ്പ തിരിച്ചടവ്</u>**

ാഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ രവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 747/2010/ ത.സ്വ.ഭ.വ തീയതി.05.03.2010 | 17005500 | 405150 | 405150 | - | 0 | - |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38452958 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59099728 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18545 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1601059 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 8889 | പി.വി.മണിയപ്പൻ, സെക്രട്ടറി |
| 3-2 | | 2250 | പി.വി.മണിയപ്പൻ, സെക്രട്ടറി |
| 3-5 | | 6215 | നിഷ.എം.ബി., അസി.എഞ്ചിനീയർ<br>എൻ.എൻ.അനിൽകുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | | 1191 | പി.വി.മണിയപ്പൻ, സെക്രട്ടറി |
| ആകെ | | 18545 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1225000 | ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 84000 | സജിത, എൽ.വി.ഇ.ഒ, തൃച്ചാറ്റുകുളം |
| 3-6 | 65000 | ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 50000 | പി.വി. മണിയപ്പൻ, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 3-10 | 42210 | ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 91565 | ഡോ.അരുൺമിത്ര മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 43284 | പി.വി.മണിയപ്പൻ, സെക്രട്ടറി |
| **ആകെ** | 1601059 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.മണിയപ്പൻ, സെക്രട്ടറി | സെക്രട്ടറി, അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | മണിവർണ്ണം, എഴുപുന്ന പി.ഒ, ചേർത്തല |
| നിഷ.എം.ബി., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് | വാത്തികാട്ട് ഹൗസ്, പെരുമ്പളം പി.ഒ |
| എൻ.എൻ.അനിൽകുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | സർവ്വീസിൽ നിന്നും വിരമിച്ചു. | തയ്യിൽ ഹൗസ്, പട്ടണക്കാട് പി.ഒ |
| ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി | അസി.സെക്രട്ടറി, പാണാവള്ളി ഗ്രാമ പഞ്ചായത്ത് | തേരകത്ത് പറമ്പിൽ, കുത്തിയതോട് പി.ഒ, ചേർത്തല |
| സജിത, എൽ.വി.ഇ.ഒ, തുച്ചാറ്റുകുളം സർക്കിൾ | എൽ.വി.ഇ.ഒ, തുച്ചാറ്റുകുളം സർക്കിൾ | പുതിയാട്, കെ.ആർ.പുരം |
| ഡോ.അരുൺമിത്ര | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | |

**<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതല് 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11 തീയതി. 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11 തീയതി. 11.08.11/05.09.11 |
| 2007-08 | എൽ.എഫ്.പി 9-280/11 തീയതി. 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12 തീയതി. 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12 തീയതി. 16.07.12/08.08.12 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 9-1097/13 തീയതി. 15.03.14/13.06.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി9-1579/15 തീയതി.23.12.15/30.12.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി9-825/16 തീയതി.28.07.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്

കേരള സംസ്ഥാന ഓഡിറ്റ് വകു

ആലപ്പ

കെ.എസ്.എ-എ.എൽ.പി-പി 9-21/17

കേരള സംസ്ഥാന ഓഡിറ്റ് വകു

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പു
ഫോൺ – 0477-225275
ഇ-മെയിൽ – ddhglfalpy@gmail.cc

തീയതി:12/1/20

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215 വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ **പാണാവള്ളി** ഗ്രാമപഞ്ചായത്തിന്റെ **2015-** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പാണാവള** ഗ്രാമപഞ്ചായത്തിന്റെ **2015-16** ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയി അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ
ആലപ്പു

KSA-ALP-P9.21/17

Kerala State Audit Departme

District Audit Office, Alappuzh
Ph : 0477-225275
E-mail : ddhglfalpy@gmail.cc
Date:12/1/20

**AUDIT CERTIFICATE**

Certified that I have audited the Annual Financial Statement of **Panavally** Grama panchayat in Alappuzha district for tl year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kera Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Panavally** Grama panchayat for the year **2015-16** except the observations Para 4-1 of my audit report properly presents the picture of income and expenditure.

Deputy Direct
Kerala State Audit Departme
Alappuzh